**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ അഖിൽ സോമന് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം.**2731/2018/**തസ്വഭവ.                    തീയതി, തിരുവനന്തപുരം, **25.10.2018**

---

പരാമർശം: 1) 28.06.2000 ലെ 5966/Adv-C3/2000/ഉഭപവ നമ്പർ സർക്കുലർ.
2) പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 06.09.2018 ലെ ഇ 4-11938/17 നമ്പർ നടപടിക്രമം.
3) ശ്രീ .അഖിൽ സോമന്റെ 15.09.2018 ലെ അപേക്ഷ.
4) പഞ്ചായത്ത് ഡയറക്ടറുടെ 25.09.2018 ലെ ഇ 6-22998/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള പി എസ് സി മുഖേന പഞ്ചായത്ത് വകുപ്പിൽ പാലക്കാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ .അഖിൽ സോമൻ, ടിയാൻ നിലവിൽ പോലീസ് വകുപ്പിൽ പരിശീലനത്തിൽ ആണെന്നും 14.08.2018 മുതൽ 6 മാസത്തേക്ക് പ്രവേശന കാലയളവ് ദീർഘിപ്പിച്ച് നല്കണമെന്നുമാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (2) പ്രകാരം പ്രവേശന കാലയളവ് 14.08.2018 മുതൽ 45 ദിവസത്തേക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ .അഖിൽ സോമന് ടിയാന്റെ പോലീസ് വകുപ്പിലെ പരിശീലന സാഹചര്യം പരിഗണിച്ച് പരാമർശം(1) സർക്കുലറിന് വിധേയമായി ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി 14.08.2018 മുതൽ 13.02.2019 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ശ്രീ .അഖിൽ സോമന്റെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി കെ.എസ്.& എസ്.എസ്.ആർ. ഭാഗം II, ചട്ടം 27 (സി)യുടെ ഒന്നാം പ്രൊവിസോ പ്രകാരം ടിയാൻ സേവനത്തിൽ പ്രവേശിയ്ക്കുന്ന ദിവസം മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഷീബ.ബി**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, കപ്പൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ .അഖിൽ സോമൻ, വട്ടവിളയിൽ വീട്, പാതിരപ്പള്ളി, പൂങ്കാവ്, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഇപിഎ 1/264/2018/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ